"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- WBNP പദ്ധതി 2024-25- Annual requirement കേന്ദ്ര സർക്കാരിലേയ്ക്ക് നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.135/2024/WCDD തീയതി,തിരുവനന്തപുരം, 04-04-2024

---

പരാമർശം:-
1. കേന്ദ്ര സർക്കാരിന്റെ 16.02.2024 ലെ CD-III-17-1/2024-CD-III (e-113128) നമ്പർ കത്ത്
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 29.02.2024 തീയതിയിലെ DWCD/1055/2024-ICDSB3 നമ്പർ കത്ത്
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 22.03.2024 തീയതിയിലെ DWCD/1055/2024-ICDSB3 നമ്പർ കത്ത്

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള Wheat Based Nutrition Programme (WBNP) പ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വർദ്ധിപ്പിച്ച അളവ് Annual Requirement നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കുന്നതിന് പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(2) 6 months -3 years കുട്ടികൾക്ക് കുടുംബശ്രീ നൽകുന്ന അമൃതം ന്യൂട്രിമിക്സ് ചേരുവയിൽ ഒരു കിലോയിൽ 450gm അളവിലാണ് ഗോതമ്പ് ചേർക്കുന്നത്. ഒരു കുട്ടിയ്ക്ക് പ്രതിദിനം 135 ഗ്രാം അളവിലാണ് അമൃതം ന്യൂട്രിമിക്സ് നല്കി വരുന്നത് ആയതുപ്രകാരം ഒരു കുട്ടിയ്ക്ക് പ്രതിദിനം 7 0 ഗ്രാം ഗോതമ്പ് ആണ് ന്യൂട്രിമിക്സ് തയ്യാറാക്കുന്നതിന് ആവശ്യമായി വരുന്നത് എന്നതിനാൽ 6 months - 3 yrs കുട്ടികൾക്ക് പ്രതിദിനം 7 0 ഗ്രാം ഗോതമ്പ് എന്ന അളവിൽ കണക്കാക്കിയാണ് കേന്ദ്ര ഗവൺമെന്റിന് Annual Requirement സമർപ്പിച്ചിട്ടുള്ളത് എന്നും 3-6 years കുട്ടികൾക്ക് ഫോർട്ടിഫൈഡ് റൈസ് per child 100 gm അളവിലും, SAM കുട്ടികൾക്ക് Fortified rice 100gm per beneficiary അളവിലും, Ragi 40 gm per beneficiary അളവിലും (Total 140 gm) പുതുക്കിയ മാർഗ്ഗ നിർദ്ദേശ പ്രകാരം Pregnant & Lactating Women-നു കൂടി ഭക്ഷ്യ ധാന്യം അനുവദിക്കുമെന്നതിനാൽ ഈ ഗുണഭോക്താക്കൾക്ക് ഗോതമ്പ് 100gm per beneficiary അളവിലും, അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനായി പരാമർശം (2) പ്രകാരം കേന്ദ്ര ഗവൺമെന്റിന് Annual Requirement സമർപ്പിച്ചതായി വനിതാ ശിശു വികസന വകുപ്പ്

ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(3) 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള WBNP Annual Requirement അടിയന്തരമായി കേന്ദ്ര സർക്കാരിലേയ്ക്ക് നേരിട്ട് സമർപ്പിക്കേണ്ടി വന്നിരുന്നു. ഈ സാഹചര്യത്തിൽ, 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് WBNP പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ അതാതു ഗുണഭോക്താക്കൾക്ക് പുതുക്കിയ അളവിൽ നൽകുന്നതിനും, കേന്ദ്ര മാർഗ്ഗ നിർദ്ദേശ പ്രകാരം ഈ പദ്ധതിയിൽ Pregnant & Lactating Women ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ കൂടി പരിഗണിച്ചും, പുതിയ ഇനം ഭക്ഷ്യ ധാന്യങ്ങൾ കൂടി ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച Annual Requirement-ന് സാധൂകരണം, നൽകി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർ ഷത്തേയ്ക്ക് WBNP പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ അതാതു ഗുണഭോക്താക്കൾക്ക് പുതുക്കിയ അളവിൽ നൽകുന്നതിനും, കേന്ദ്ര മാർഗ്ഗ നിർദ്ദേശ പ്രകാരം ഈ പദ്ധതിയിൽ Pregnant & Lactating Women ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ കൂടി പരിഗണിച്ചും, പുതിയ ഇനം ഭക്ഷ്യ ധാന്യങ്ങൾ കൂടി ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ച Annual Requirement-ന് സാധൂകരണം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 04-04-2024 16:00:33

സെക്ഷൻ ഓഫീസർ